# പൊതുജനങ്ങൾക്കുള്ള കോവിഡ് -19 വാക്സിൻ

# സംശയങ്ങളും അവയ്ക്കുള്ള മറുപടിയും




GOVERNMENT OF KERALA
TRAINING DIVISION, NATIONAL HEALTH MISSION, KERALA

# വാക്സിൻ നിർബന്ധമായും എടുക്കേണ്ടതുണ്ടോ ?

- കോവിഡ് -19 നുള്ള കുത്തിവയ്പ്പ് സ്വമേധയാ സ്വീകരിക്കാവുന്നതാണ്. എന്നിരുന്നാലും, വാക്സിൻ മുഴുവൻ ഡോസും സ്വീകരിക്കുന്നതാണ് ഉചിതം.
- വാക്സിൻ ഒരു വ്യക്തിയെ സ്വയം കോവിഡ് – 19 ൽ നിന്നും പരിരക്ഷിക്കുന്നതിനും അതുപോലെ തന്നെ ഏറ്റവും അടുത്തുള്ള കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, ബന്ധുക്കൾ, സഹപ്രവർത്തകർ എന്നിവരിലേക്ക് രോഗം പകരാതെ പരിമിതപ്പെടുത്താനും വാക്സിൻ സ്വീകരിക്കുന്നത് വഴി സാധിക്കുന്നതാണ്.



# കോവിഡ് -19 വാക്സിൻ എല്ലാവർക്കും ഒരേസമയം നൽകാൻ കഴിയുമോ ?

- വാക്സിനുകളുടെ ലഭ്യതയെ അടിസ്ഥാനമാക്കി വാക്സിനേഷൻ ആദ്യം നൽകുന്നത് അപകടസാധ്യത കൂടിയ മേഖലയിൽ പ്രവർത്തിക്കുന്ന/ വിഭാഗത്തിലുള്ള മുൻഗണനാ ഗ്രൂപ്പുകളെ ഇന്ത്യാ ഗവൺമെന്റ് തിരഞ്ഞെടുത്തിട്ടുണ്ട്.
- ആദ്യത്തെ ഗ്രൂപ്പിൽ മുൻനിര ആരോഗ്യ പ്രവർത്തകരും, പൊതുജനങ്ങളുമായി കൂടുതൽ സമ്പർക്കത്തിൽ വരുന്ന മറ്റു ഉദ്യോഗസ്ഥരും രണ്ടാമത്തെ ഗ്രൂപ്പിൽ 60 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളെയും 45 മുതൽ 59 വയസ്സ് വരെ പ്രായമുള്ള ജീവിത ശൈലീ രോഗമുള്ളവരും / ദീർഘകാല രോഗമുള്ളവരും ആയ വ്യക്തികളും ആണ്.

# നിലവിൽ COVID-19 അണുബാധ (സ്ഥിരീകരിച്ച അല്ലെങ്കിൽ സംശയിക്കുന്ന) ഒരു വ്യക്തിക്ക് വാക്സിനേഷൻ എടുക്കേണ്ട ആവശ്യമുണ്ടോ?

- കോവിഡ് -19 സ്ഥിരീകരിച്ച അല്ലെങ്കിൽ രോഗം സംശയിക്കുന്ന വ്യക്തി വാക്സിനേഷൻ സ്വീകരിക്കുമ്പോൾ ശരീര സ്രവങ്ങളുമായി സമ്പർക്കം വരുന്നതിനാൽ അണുബാധ പടരാനുള്ള സാധ്യത കൂടുതൽ ആണ്.
- അതിനാൽ രോഗം ബാധിച്ച വ്യക്തികൾ രോഗലക്ഷണങ്ങൾ പൂർണ്ണമായും മാറിയ ശേഷം 14 ദിവസം കഴിഞ്ഞ് വാക്സിനേഷൻ സ്വീകരിക്കുന്നതാണ് നല്ലത്.



# പൊതുജനങ്ങൾക്ക് വാക്സിൻ നൽകി വരുമ്പോൾ ആരൊക്കെയാണ് മുൻഗണനാ പട്ടികയിൽ ഉള്ളത് ?

- 60 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ പൗരന്മാരും. അതായത് 2022 ജനുവരി ഒന്നിന് 60 വയസ്സ് അതിനുമുകളിൽ പ്രായമായവർ.
- 45 മുതൽ 59 വയസ്സ് വരെ പ്രായമുള്ള എല്ലാ പൗരന്മാർക്കും അതായത് ഏതെങ്കിലും വിധത്തിലുള്ള നിർദ്ദിഷ്ട രോഗാവസ്ഥ യുള്ളവർ ( 2022 ജനുവരി ഒന്നിന് 45 മുതൽ 59 വരെ പ്രായം ഉണ്ടായിരിക്കണം).



## 45 മുതൽ 59 വയസ്സുവരെയുള്ള പൗരന്മാരുടെ യോഗ്യത നിർണ്ണയിക്കുന്നതിനുള്ള നിർദ്ദിഷ്ട കോമോർബിഡിറ്റികൾ/രോഗാവസ്ഥ ഏതൊക്കെയാണ് ?

- കഴിഞ്ഞ ഒരു വർഷത്തിനിടെ ഹൃദയസ്തംഭനം അഥവാ ഹൃദ്രോഗവുമായി ബന്ധപ്പെട്ട ആശുപത്രിയിൽ അഡ്മിഷൻ ആയിട്ടുള്ളവർ
- പോസ്റ്റ് കാർഡിയാക് ട്രാൻസ്പ്ലാന്റ് ലെഫ്റ്റ് ventricular അസിസ്റ്റ് ഡിവൈസ്.
- കാര്യമായ ഇടത് ventricular സിസ്റ്റോളിക് അപര്യാപ്തത ഉള്ളവർ
- കഠിനമായതോ അല്ലാതെയോ ഉള്ള ഹൃദയ വാൽവിന് തകരാറുള്ളവർ.
- Congenital heart disease with severe PAH or Idiopathic PAH

- കൊറോണറി ആർട്ടറി ഡിസീസ് ഉള്ളവർ(CABG കഴിഞ്ഞവർ /PTCA /MI / രക്താതിമർദ്ദത്തിനും പ്രമേഹത്തിനും ചികിത്സയിൽ ഉള്ളവർ).
- ആൻജൈന, രക്താതിമർദ്ദം, പ്രമേഹം എന്നിവയ്ക്ക് ചികിത്സയിൽ ഉള്ളവർ.
- രക്താതിമർദവും പ്രമേഹവും ഉള്ള പക്ഷാഘാതം വന്നവർ
- പൾമണറി ആർട്ടറി ഹൈപ്പർടെൻഷൻ കൂടെ രക്താതിസമ്മർദ്ദത്തിനു പ്രമേഹത്തിനും ചികിത്സയിൽ ഉള്ളവർ.
- 10 വർഷത്തിന് മേൽ പ്രമേഹ രോഗമുള്ളവർ അഥവാ പ്രമേഹവും കൂടെ മറ്റ് സങ്കീർണതകളും ഉള്ളവർ കൂടെ രക്താതിമർദ്ദ ത്തിനും ചികിത്സിക്കുന്നവർ.

- വൃക്ക കരൾ ഹെമാറ്റോ പൊയറ്റിക്ക് സ്റ്റെംസെൽ ട്രാൻസ്പ്ലാന്റ് കഴിഞ്ഞവർ
- കടുത്ത വൃക്കരോഗം ഉള്ള ഡയാലിസിസിൽ കഴിയുന്നവർ
- ദീർഘകാലമായി immunosuppressant/ കോർട്ടിക്കോസ്റ്റിറോയ്ഡ് മരുന്നുകൾ കഴിക്കുന്നവർ
- ഡീകോംപൻസേറ്റഡ് സിറോസിസ് ഉള്ളവർ.
- കഴിഞ്ഞ രണ്ടു വർഷത്തിനിടെ കഠിനമായ ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് ആശുപത്രിയിൽ കിടത്തി ചികിത്സ നേടിയിട്ടുള്ളവർ

- ലിംഫോമ/ ലൂക്കിമിയ/ മൈലോമ എന്നീ രോഗങ്ങൾ ഉള്ളവർ.
- 2020 ജൂലൈ ഒന്നിനോ അതിനുശേഷമോ ഏതെങ്കിലും തരം ക്യാൻസർ രോഗനിർണയ കഴിഞ്ഞവർ അല്ലെങ്കിൽ ഏതെങ്കിലും വിധത്തിലുള്ള കാൻസർ രോഗത്തിന് ഇപ്പോൾ ചികിത്സയിൽ ഉള്ളവര്.
- സിക്കിൾസെൽ ഡിസീസ് ബോൺമാരോ ഫെയിലുവയർ എപ്ലാസ്റ്റിക് അനീമിയ, തലസീമിയ മേജർ ഉള്ളവർ.

- പ്രൈമറി ഇമ്യൂണോ ഡെഫിഷ്യൻസി രോഗങ്ങൾ അല്ലെങ്കിൽ എച്ച്ഐവി ഇൻഫെക്ഷൻ.
- ബുദ്ധി വൈകല്യമുള്ളവർ/ മസ്കുലർ ഡിസ്ട്രോഫി/ ആസിഡ് ആക്രമണം മൂലം ശ്വസന വ്യവസ്ഥയിൽ തകരാറുകൾ ഉണ്ടായിട്ടുള്ള വർ/ ഉയർന്ന പിന്തുണാ സഹായം ആവശ്യമുള്ള വൈകല്യമുള്ളവർ/ ബധിരത, അന്ധത ഉൾപ്പെടെ ഒന്നിലധികം വൈകല്യങ്ങൾ ഉള്ളവർ.

# പൊതുജനങ്ങൾക്ക് വാക്സിൻ സൗജന്യമായാണോ ലഭിക്കുന്നത് ?

എല്ലാ സർക്കാർ കോവിഡ് വാക്സിനേഷൻ സെന്റർ കളിൽനിന്നും വാക്സിൻ സൗജന്യമായി ലഭിക്കുന്നതായിരിക്കും. സർക്കാർ തിരഞ്ഞെടുത്തിരിക്കുന്ന പ്രൈവറ്റ് ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ഗവൺമെന്റ് ഓഫ് ഇന്ത്യ നിർദ്ദേശിക്കുന്ന പ്രകാരം ഉള്ള ഫീസ് അടച്ച് വാക്സിൻ എടുക്കേണ്ടതാണ്.



# എല്ലാ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വാക്സിൻ ലഭ്യമാണോ ?

സർക്കാർ നിശ്ചയിച്ചിരിക്കുന്ന പ്രകാരമുള്ള എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ തിരഞ്ഞെടുത്ത കോവിഡ് വാക്സിനേഷൻ സെന്ററുകളിൽ നിന്നും, അതായത് vPMJAY/CGHS/States' Health Insurance schemes തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമായുള്ള ആരോഗ്യസ്ഥാപനങ്ങളിൽ.



# പൊതുജനങ്ങൾ വാക്സിൻ ലഭ്യമാക്കുന്നതിന് വേണ്ടി എങ്ങനെയാണ് രജിസ്ട്രേഷൻ നടത്തേണ്ടത് ?

- ഓൺലൈൻ രജിസ്ട്രേഷൻ വഴിയാണ് അപ്പോയിന്റ്മെന്റ് എടുക്കേണ്ടത്. cowin.gov.in എന്ന വെബ്സൈറ്റ് വഴി കൃത്യമായ നിർദ്ദേശം യഥാസമയം സർക്കാർ അറിയിക്കുന്നതാണ്.



# എങ്ങനെയാണ് കോവിഡ് വാക്സിനേഷന് വേണ്ടി ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടത് ?

- ആദ്യം ചെയ്യേണ്ടത് കോവിൻ വെബ്സൈറ്റ് ൽ ഒരു മൊബൈൽ നമ്പർ എന്റർ ചെയ്യുകയാണ്.
- മൊബൈൽ നമ്പറിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനു മുമ്പായി ഓ ടി പി നമ്പർ മൊബൈലിലേക്ക് വരുന്നതാണ്.
- ഓ ടി പി നമ്പർ എന്റർ ചെയ്ത ശേഷം ആളുകളെ പേര് ചേർക്കാവുന്നതാണ്.
- തുടർന്ന് സ്ക്രീനിൽ കോവിഡ് വാക്സിനേഷൻ സെന്ററുകളുടെ പട്ടികയും ഒഴിഞ്ഞ സ്ലോട്ടുകളും ലഭ്യമാകുന്ന തീയതിയും സമയവും കാണാനാകും.

- പിന്നീട് ഓരോരുത്തർക്കും അവരവരുടെ സൗകര്യപ്രദമായ രീതിയിൽ കോവിഡ് വാക്സിനേഷൻ സെന്ററുകൾ തെരഞ്ഞെടുക്കുന്നതിനും ലഭ്യമായ സ്ലോട്ടുകൾ അടിസ്ഥാനമാക്കി സെഷന്റെ സമയവും ( ഉദാ – 9 -5 ) ദിവസവും ലഭിക്കുന്നതാണ്.
- രജിസ്ട്രേഷൻ സമയത്ത് ഗുണഭോക്താവിന്റെ ഫോട്ടോപതിപ്പിച്ച തിരിച്ചറിയൽ കാർഡിനെ ആധാരമാക്കി അടിസ്ഥാന ഡെമോഗ്രാഫിക് വിശദാംശങ്ങൾ ശേഖരിക്കുന്നതാണ്.

- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുമ്പോൾ ഒരു വ്യക്തിക്ക് കോവിഡ് വാക്സിനേഷൻ ആപ്ലിക്കേഷനിൽ ഒരു അക്കൗണ്ട് ക്രിയേറ്റ് ചെയ്യുന്നതാണ്.
- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായാൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി എന്ന് കാണിച്ചു കൊണ്ടുള്ള രജിസ്ട്രേഷൻ സ്ലിപ്പ് ലഭ്യമാകും, അതു പ്രിന്റ് ചെയ്ത് എടുക്കാവുന്നതാണ്.
- കൂടാതെ രജിസ്റ്റർ ചെയ്യുന്ന സമയത്ത് മൊബൈൽ നമ്പറിലേക്ക് ഒരു കൺഫർമേഷൻ മെസേജ് ലഭിക്കുന്നതായിരിക്കും.

## വാക്സിനേഷന് വേണ്ടി അപ്പോയ്ന്റ്മെന്റ് അല്ലെങ്കിൽ രജിസ്ട്രേഷൻ ചെയ്യുന്ന സമയത്ത് ഏത് വാക്സിനാണ് എടുക്കുന്നത് എന്ന് അറിയാൻ കഴിയുമോ ?

- ഇല്ല.
- അപ്പോയ്ന്റ്മെന്റ് എടുക്കുന്ന സമയത്ത് /രജിസ്ട്രേഷൻ സമയത്ത് വാക്സിൻ ഏതുതരം എന്ന് വെളിപ്പെടുത്തില്ല വാക്സിനേഷനെ കുറിച്ച് കൃത്യമായ അറിവുകൾ നൽകുന്നതായിരിക്കും.

# ഒരു മൊബൈൽ നമ്പറിൽ നിന്നും എത്ര പേർക്ക് വാക്സിനേഷന് വേണ്ടി രജിസ്റ്റർ ചെയ്യാൻ കഴിയും ?

- ഒരു മൊബൈൽ നമ്പർ ഉപയോഗിച്ച് ഒരു വ്യക്തിക്ക് പരമാവധി നാല് ഗുണഭോക്താക്കളെ രജിസ്റ്റർ ചെയ്യാൻ കഴിയും.
- എന്നാൽ ഓരോ ഗുണഭോക്താവിന്റെയും ഐഡി കാർഡ് നമ്പർ വ്യത്യസ്തമായിരിക്കണം.
- മൊബൈൽ നമ്പർ ഒഴികെ പൊതുവായി മറ്റൊന്നും പാടില്ല.

## ഒരിക്കൽ രജിസ്ട്രേഷൻ ചെയ്തു കഴിഞ്ഞാൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ കഴിയുമോ ?

- കഴിയും.
- വാക്സിനേഷൻ എടുക്കുന്നത് വരെ ഈ രജിസ്ട്രേഷൻ രേഖകളിൽ വ്യക്തിക്ക് എഡിറ്റ് ചെയ്യാനോ ഡിലീറ്റ് ചെയ്യാനോ കഴിയുന്നതാണ്.

## ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർക്കും വാക്സിൻ എടുക്കാൻ മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടോ ?

- രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞില്ല എങ്കിൽ ഓൺസൈറ്റ് രജിസ്ട്രേഷനും യോഗ്യതയുള്ള ഗുണഭോക്താക്കൾക്ക് സാധ്യമാണ്.
- തുടക്കത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള തിരക്ക് പരിഗണിച്ച് ഈ സംവിധാനം മാർച്ച് 5 ന് ശേഷം മാത്രമേ അനുവദിക്കുകയുള്ളൂ.
- അതിനാൽ ഓൺലൈൻ രജിസ്ട്രേഷൻ തന്നെ ചെയ്യാൻ ശ്രദ്ധിക്കുക.

## വാക്സിൻ എടുക്കാൻ പോകുന്ന സന്ദർഭത്തിൽ ഗുണഭോക്താക്കൾ ഏതെങ്കിലും രേഖകൾ കാണിക്കേണ്ടത് ഉണ്ടോ ?

- ഉണ്ട്.
- ആധാർ കാർഡ് അഥവാ ഇലക്ഷൻ ഐഡി കാർഡ് ഇതും അല്ല എങ്കിൽ ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് കാണിച്ച ഫോട്ടോ പതിപ്പിച്ച ഏതെങ്കിലും ഐഡി കാർഡ്.
- 45 നും 59 വയസ്സിനും പ്രായമുള്ളവർ അവരുടെ മറ്റ് രോഗ സംബന്ധമായ സർട്ടിഫിക്കറ്റുകൾ ഒരു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയത് കൈയ്യിൽ കരുതേണ്ടതാണ്.
- ആരോഗ്യപ്രവർത്തകരും മറ്റ് മുൻനിരയിൽ പ്രവർത്തിക്കുന്നവരും ഫോട്ടോ പതിപ്പിച്ച ഔദ്യോഗിക ഐഡന്റിറ്റി കാർഡ് കൈയ്യിൽ കരുതുക.

# വാക്സിൻ സ്വീകരിച്ചുകഴിഞ്ഞ ഗുണഭോക്താവിനു വാക്സിനേഷൻ സംബന്ധിയായ തുടർവിവരങ്ങൾ ലഭ്യമാകുമോ?

- നിർദിഷ്ട ഡോസ് വാക്സിൻ സ്വീകരിച്ച വ്യക്തിക്ക് എസ്.എം.എസ്. സന്ദേശം ലഭിക്കും.
- എല്ലാ ഡോസുകളും സ്വീകരിച്ചശേഷം സർട്ടിഫിക്കറ്റ് ലഭ്യമാക്കും.

# വ്യക്തികൾ വാക്സിനേഷൻ കേന്ദ്രങ്ങളിൽ എന്തൊക്കെ പ്രതിരോധമാർഗങ്ങൾ സ്വീകരിക്കണം?

- വാക്സിനെടുത്തശേഷം അരമണിക്കൂർ വാക്സിനേഷൻ കേന്ദ്രത്തിലെ നിരീക്ഷണമുറിയിൽ വിശ്രമിക്കേണ്ടതാണ്.
- എന്തെങ്കിലും അസ്വസ്ഥതകൾ അനുഭവപ്പെട്ടാൽ ആരോഗ്യപ്രവർത്തകരെ അറിയിക്കുക. മാസ്ക് ധരിക്കുക, കൈകൾ അണുവിമുക്തമാക്കുക, സാമൂഹികാകലം പാലിക്കുക തുടങ്ങി പ്രതിരോധമാർഗങ്ങൾ കർശനമായും തുടരണം.

# കോവിഡ് 19 വാക്സിനേഷന് എന്തെങ്കിലും പാർശ്വഫലങ്ങൾ ഉണ്ടാകുമോ ?

- സുരക്ഷയുറപ്പാക്കിയശേഷം മാത്രമാണ വാക്സിൻ വിതരണം തുടങ്ങുന്നത്.
- എന്തെങ്കിലും ചെറിയപനി, വേദന തുടങ്ങി നിസ്സാര പാർശ്വഫലങ്ങളുണ്ടായേക്കാം.



# എത്ര ഇടവേളയിൽ എത്ര ഡോസ് വാക്സിൻ സ്വീകരിക്കണം?

- 28 ദിവസത്തെ ഇടവേളയിൽ രണ്ടു ഡോസ് വാക്സിൻ സ്വീകരിക്കേണ്ടതാണ്.

# രണ്ടാമത്തെ ഡോസ് വാക്സിൻ എടുക്കേണ്ടത് എന്നാണ് ?

- ആദ്യ ഡോസ് വാക്സിൻ എടുത്തതിനുശേഷം 28 ദിവസം കഴിഞ്ഞ് അതായത് ഫസ്റ്റ് ഡോസ് വാക്സിൻ എടുത്ത തീയതി മുതൽ 29മത്തെ ദിവസം അതേ കോവിഡ് വാക്സിനേഷൻ സെന്ററിൽ നിന്നും രണ്ടാമത്തെ ഡോസിനുള്ളതും ബുക്ക് ചെയ്യുന്നതാണ്.

# സെക്കൻഡ് ഡോസ് വാക്സിനേഷൻ എടുക്കുന്നതിന് വീണ്ടും പുതിയതായി രജിസ്ട്രേഷൻ ചെയ്യേണ്ട ആവശ്യമുണ്ടോ ?

- ഇല്ല.
- രണ്ടാമത്തെ ഡോസ് വാക്സിനേഷൻ സിസ്റ്റം തന്നെ ഷെഡ്യൂൾ ചെയ്യുന്നതാണ്.

# ഇന്ത്യയിൽ അംഗീകരിച്ച വാക്സിനുകൾ ഏതെല്ലാം ?

- കോവിഷീൽഡ് - യൂണിവേഴ്സിറ്റി ഓഫ് ഓക്സ്ഫോഡ്, ആസ്ട്രാസേനെക്ക ( സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി ചേർന്ന്)
- കൊവാക്സിൻ- ഭാരത് ബയോടെക് ഇന്റർനാഷണൽ ലിമിറ്റഡ്. ഈ രണ്ട് വാക്സിനുമാണ് നിലവിൽ ഇന്ത്യയിൽ അംഗീകാരം നൽകിയിരിക്കുന്നത്.



# വാക്സിനേഷൻ കേന്ദ്രങ്ങൾ എവിടെയെല്ലാം ആകാം?

- മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമായ വലിയ സ്വകാര്യ ആശുപത്രികൾ എന്നിവയും ആകാം.





# നന്ദി